Malayala Manorama 25-10-18, P-16

# കേന്ദ്ര കൃഷിവകുപ്പ് 18 ഇനം കീടനാശിനികൾ നിരോധിച്ചു

■ നിരോധിച്ചത് കേരളത്തിൽ വ്യാപകമായി ഉപയോഗിക്കുന്ന കീടനാശിനികൾ

**ടി.ബി.ലാൽ**

തിരുവനന്തപുരം ● സംസ്ഥാനത്തു വ്യാപകമായി ഉപയോഗിക്കുന്ന ചുവന്ന ലേബലുള്ള 18 ഇനം കീടനാശിനികളുടെ വിൽപനയും ഉപയോഗവും വിലക്കി കേന്ദ്ര കൃഷി വകുപ്പ് ഉത്തരവിറക്കി. കീടനാശിനികളായ മീഥോമീൽ, മെർക്കുറിക് ക്ലോറൈഡ്, കാർബറിൽ, ഡൈക്ലോർവോസ്, ഫൊറേറ്റ് എന്നിവയ്ക്കുൾപ്പെടെയാണ് നിരോധനം.

മഞ്ഞ ലേബലുള്ള കീടനാശിനികളായ കാർബോസൾഫാൻ, ക്ലോർ പ്യുരിഫോസ്, ലാംഡ സൈഹാലോത്റിൻ നീല ലേബലുള്ള അസെഫേറ്റ് കളനാശിനികളായ ഗ്ലൈഫോസേറ്റ് എന്നിവയുടെ വിൽപനയും ഉപയോഗവും കൃഷി ഓഫിസറുടെ കുറിപ്പടിയുടെ അടിസ്ഥാനത്തിൽ മാത്രമായി പരിമിതപ്പെടുത്തിയിട്ടുണ്ട്.

നിരോധിത പട്ടികയിലുള്ള കീടനാശിനികളായ മീഥൈൽ പാരത്തിയോൺ, മോണോക്രോട്ടഫോസ്, മീഥൈൽ ഡെമറ്റോൺ, ട്രൈയാഫോസ്, പ്രൊഫെനോഫോസ് കുമിൾനാശിനികളായ എഡിഫെൻഫോസ്, ട്രൈസൈക്ലാസോൾ, ഓക്സിതയോകിനോക്സ്, കളനാശിനികളായ അനിലോഫോസ്, പാരക്വാറ്റ്, തയോബെൻകാർബ്, അട്രാസിൻ എന്നിവയുടെ റജിസ്ട്രേഷൻ, നിർമാണം, ഇറക്കുമതി, കൈമാറ്റം, വിൽപന എന്നിവ സംസ്ഥാനത്തു പൂർണമായും വിലക്കിയിട്ടുണ്ട്.

തെങ്ങ്, വാഴ, പൈനാപ്പിൾ, തേയില തുടങ്ങിയ വിവിധ വിളകൾക്കും പച്ചക്കറി കൃഷിക്കും ഉപയോഗിക്കുന്നവയാണ് ഭൂരിഭാഗം കീടനാശിനികളും.

സംസ്ഥാന കൃഷിവകുപ്പ് 2011 ൽ 16 ഇനം കീടനാശിനികളുടെ ഉപയോഗം വിലക്കിയെങ്കിലും അവയിൽ ഭൂരിഭാഗവും ഇതര സംസ്ഥാനങ്ങളിൽ നിന്ന് എത്തുന്നതായി കണ്ടെത്തിയിട്ടുണ്ടെന്ന് അഗ്രികൾചറൽ കാളിറ്റി കൺട്രോൾ അസി.ഡയറക്ടർ ഷാജൻ മാത്യു മനോരമയോടു പറഞ്ഞു. നിരോധിത കീടനാശിനിയായ ഫ്യുറിഡാനും ഫൊറേറ്റുമാണ് ഇതിൽ മുഖ്യം.

## അനധികൃത കീടനാശിനികൾ തടയാൻ പ്രത്യേക സ്ക്വാഡ്

അനധികൃത കീടനാശിനികൾ കേരളത്തിൽ എത്തുന്നതു തടയാൻ കൃഷി വകുപ്പു പ്രത്യേക സ്ക്വാഡുകൾക്കു രൂപം നൽകും. കോട്ടയം, ഇടുക്കി ജില്ലകളിൽ നടത്തിയ മിന്നൽ പരിശോധനയിൽ ഇതര സംസ്ഥാനങ്ങളിൽ നിന്നെത്തിയ കീടനാശിനികൾ കണ്ടെത്തി. നിരോധിത കീടനാശിനി വിറ്റ ഇടുക്കിയിലെ വ്യാപാരശാല അടച്ചുപൂട്ടി. സബ്സിഡി നിരക്കിൽ കർഷകർക്കു നൽകേണ്ട വളവും കീടനാശിനികളും വളംവില്പനശാലകൾ വൻകിട കച്ചവടക്കാർക്കു മറിച്ചുവില്ക്കുന്നതായും കണ്ടെത്തിയിട്ടുണ്ട്. അനധികൃത കീടനാശിനികൾ വിൽക്കുന്നവരുടെ ലൈസൻസ് റദ്ദാക്കും.